(എ) ഓരോ വിഭാഗത്തിലും സ്പെഷ്യലിസ്റ്റുകളുടെ സേവനം ലഭ്യമല്ലാത്ത താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രികളുടെ എണ്ണം താഴെ പറയും പ്രകാരമാണ്.

| | |
|---|---|
| മെഡിക്കൽ വിഭാഗം | 32 |
| സർജിക്കൽ വിഭാഗം | 34 |
| ഗൈനക്കോളജി | 32 |
| പീഡിയാട്രിക്സ് | 8 |
| കണ്ണ് | 13 |
| ഇ. എൻ. റ്റി. | 13 |
| ഡെന്റൽ | 15 |
| ഓർത്തോപീഡിക്സ് | 41 |
| സ്കിൻ ആൻറ് വി. ഡി. | 39 |
| ഫിസിക്കൽ മെഡിസിൻ | 44 |
| സൈക്കാട്രി | 44 |

(ബി) 7 താലൂക്ക് ആശുപത്രികളിൽ ഉണ്ട്. (ചെങ്ങന്നൂർ, നെടുംകണ്ടം, അടിമാലി, കൊച്ചിൻ, സുൽത്താൻബത്തേരി, കാസർകോട്, തലശ്ശേരി).

(സി) പൊതുജനങ്ങൾക്ക് കൂടുതൽ സേവനം ലഭ്യമാകുന്നതിന് കഴിയുന്നിടത്തോളം, ലഭ്യതയനുസരിച്ച്, മെഡിക്കൽ, സർജറി, ഇ. എൻ. റ്റി., ഗൈനക്കോളജി എന്നിങ്ങനെയുള്ള വിഭാഗങ്ങളിൽ ബിരുദാനന്തര ബിരുദം നേടിയ ഡോക്ടർമാരെ നിയമിക്കുന്നുണ്ട്.

പി. എസ്. സി. യിൽ കമ്പ്യൂട്ടറൈസേഷൻ

* 393. [421] ശ്രീ. തോമസ് കല്ലംപള്ളി :
,, ടി. എസ്. ജോൺ :
,, പി. സി. ജോർജ് :
,, എം. വി. മാണി :
,, സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) പി. എസ്. സി. യിൽ കമ്പ്യൂട്ടർ സ്ഥാപിക്കാൻ ആലോചനയുള്ളതായി അറിയുമോ ;

(ബി) പി. എസ്. സി. യിൽ ലഭിക്കുന്ന അപേക്ഷകൾ വേഗം പരിശോധിച്ച് പരീക്ഷ വളരെവേഗം നടത്തുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) :

(എ) ഇപ്പോൾ പി. എസ്. സി. യുടെ പരിഗണനയിലില്ല.
(ബി) വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

തൊഴിൽക്കരം ഏകീകരണം

* 394. [422] ശ്രീ. എ. കെ. പത്മനാഭൻ :
,, വി. ജെ. തങ്കപ്പൻ :
ശ്രീമതി പി. ദേവൂട്ടി :
ശ്രീ. ഇ. പത്മനാഭൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും ദേവസ്വവും വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) നഗരങ്ങളിലേയും പഞ്ചായത്തുകളിലേയും തൊഴിൽക്കരം ഏകീകരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇത് സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശം പരിഗണയിലുണ്ടോ ;

(സി) പഞ്ചായത്തുകളിൽ ഇപ്പോഴും തൊഴിൽ കരം കണക്കാക്കുന്നതിനുള്ള മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കാമോ ?

പഞ്ചായത്തും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. സി. എം. സുന്ദരം) :

(എ) ഉണ്ട്.
(ബി) ഉണ്ട്.

(സി) സ്ഥാപനങ്ങളെയും വ്യക്തികളെയും അർദ്ധവാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിൽ 8 ആക്കി തരം തിരിച്ചു. ഓരോ വിഭാഗത്തിലും കേരള പഞ്ചായത്ത് (പ്രൊവിഷൻ ടാക്സ്) ചട്ടങ്ങളിലെ ചട്ടം 3-ൽ പറയുന്ന അർദ്ധവാർഷിക കരത്തിൽ കവിയാതെയുള്ള തുക തൊഴിൽ കരമായി പഞ്ചായത്ത് ഈടാക്കുകയാണ് ചെയ്യുന്നത്.

പട്ടികജാതിക്കാരും പട്ടികവർഗ്ഗക്കാരും നടത്തുന്ന ട്രാൻസ്പോർട്ട് സർവീസുകൾ

* 395. [423] ശ്രീ. ജോസ് കുറിയാനി :
,, കെ. സി. ജോസഫ് :
,, സ്റ്റീഫൻ പാടുവ :
,, കെ. എസ്. നാരായണൻ നമ്പൂതിരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഏതെല്ലാം ജില്ലകളിൽ പട്ടിജാതി-പട്ടികവർഗ്ഗക്കാർ നടത്തുന്ന ട്രാൻസ്പോർട്ട് സർവീസുകൾ പ്രവർത്തിക്കുന്നുണ്ട് ;

(ബി) ഈ സർവീസുകളെപ്പറ്റി ഒരു വിലയിരുത്തൽ നടത്തുകയുണ്ടായോ ;

(സി) എല്ലാ ജില്ലകളിലും ഇവ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) :

(എ) സംസ്ഥാനത്തിന്റെ എല്ലാ ജില്ലകളിലും പട്ടികജാതി-പട്ടികവർഗ്ഗ ട്രാൻസ്പോർട്ട് സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്നുണ്ട്.

(ബി) ഇല്ല.

(സി) എല്ലാ ജില്ലകളിലും പട്ടികജാതി-പട്ടികവർഗ്ഗ ട്രാൻസ്പോർട്ട് സഹകരണ സംഘങ്ങൾ ബസ് സർവീസ് നടത്തുന്നുണ്ടെന്നതിനാൽ ചോദ്യം ഉദിക്കുന്നില്ല.

ഗൾഫ് പണം

* 396. [424] ശ്രീ. കെ. പി. രാമൻ :
,, പി. കെ. കുഞ്ഞാലിക്കുട്ടി :
,, നാലകത്ത് സൂപ്പി :
,, പി. കെ. കെ. ബാവ :
,, സി. ടി. അഹമ്മദലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്തുന്ന ഗൾഫ് പണത്തെപ്പറ്റി സംസ്ഥാന സർക്കാരിന് എന്തെങ്കിലും കണക്കുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly